Website: http://www.kwa.kerala.gov.in

'ജലം ജീവാമൃതം'

KERALA WATER AUTHORITY

Email: phcircle.kochi@gmail.com
Phone: 0484 2360645

Office of the Superintending Engineer
Public Health Circle, Kochi, Kerala -682011

Draft #13 of File PHC/CHN/JJM/13573/2020 Vol -II Approved by Superintending Engineer on 17-Feb-2022 10:00 PM

## എറണാകുളം പബ്ലിക് ഹെൽത്ത് സർക്കിൾ, കൊച്ചി സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസ്

## (ഹാജർ : ജോച്ചൻ ജോസഫ് ) നടപടിക്രമം

വിഷയം:-JJM-Ernakulam District-Multi Village scheme-RWSS to Karukutty and Mookkannor panchayath-Replacement of 315mm PVC pipe to 300mm DI K (9) pipe, extension of pipe line providing FHTC and aliied works in Karukutty panchayath- പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

---

## കേരള ജല അതോറിറ്റി

നമ്പർ: PHC/CHN/JJM/13573/2020 Vol -II തീയതി, , 17.02.2022

---

സൂചന:- 1) ഈ കാര്യാലയത്തിലെ കരാർ ഉടമ്പടി നമ്പർ 22 / 2020-21 / എസ് .ഇ / പി .എച്ച് .സി /സി .എച്ച്.എൻ തീയതി11.02.2021

2) ഈ കാര്യാലയത്തിലെ 05.10.2021 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

3)05.10.2021 തീയതിയിലെ അനുബന്ധ കരാർ ഉടമ്പടി നമ്പർ 1

4)21.12.2021തീയതിയിലെ കരാറുകാരൻ ശ്രീ. വിശ്വനാഥൻ, മേച്ചേരിൽവീട്, എടയാർ, ബിനാനിപുരം പി.ഓ, ആലുവയുടെ കത്ത് നമ്പർ എം.വി.വി/എസ്.ഇ/പി.എച്ച്.സി/റ്റി 24/20/21

5) 31.01.2022 തീയതിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലുവയുടെ കത്ത് നമ്പർ A1-J-13573/2020.

### ഉത്തരവ്

മേൽ വിഷയത്തിലെ പ്രവൃത്തി കരാറുകാരനായ ശ്രീ. വിശ്വനാഥൻ, മേച്ചേരിൽവീട്, എടയാർ, ബിനാനിപുരം പി.ഓ, ആലുവ എന്ന കരാറുകാരനു നൽകുകയും വായന (1) പ്രകാരം ഈ കാര്യാലയത്തിൽ കരാർ ഉടമ്പടി ഒപ്പ് വച്ചതുമാണ്. കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട കാലാവധി 30.06.2021 വരെയായിരുന്നു. എന്നാൽ കരാറുകാരന് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കരാറുകാരന്റെ അപേക്ഷയും, എക്സി.എഞ്ചിനീയറുടെ ശുപാർശയും കണക്കിലെടുത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിഴയോടു കൂടി 31.12.2021 വരെ വായന (2) ,(3)പ്രകാരം നടപടിക്രമം പുറപ്പെടുവിച്ച് നീട്ടി നൽകുകയും ആയതിന്റെ അനുബന്ധ കരാർ കരാറുകാരൻ ഒപ്പു വയ്ക്കുകയും

ചെയ്തിട്ടുള്ളതാണ്.

വായന (4) പ്രകാരമുള്ള കരാറുകാരന്റെ കത്തിൽ ശക്തമായ മഴയും, പൈപ്പുകളുടെ വിലക്കയറ്റവും കോവിഡ് -19 മൂലവുമാണ് ആണ് നീട്ടി നൽകിയ സമയത്തിനുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും ആയതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.03.2022 വരെ നീട്ടി നൽകണമെന്ന് അപേക്ഷിച്ചിട്ടുള്ളതാണ്. വായന (5) പ്രകാരം കരാറുകാരൻ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ന്യായീകരിക്കത്തക്കതാണെന്നും എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവർത്തി നിർവഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.03.2022 വരെ PWD Manual ലെ Clause 2112.1 പ്രകാരം 20000/- രൂപ പിഴ ഈടാക്കി നീട്ടിനൽകണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച് ഡിവിഷൻ, ആലുവ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കരാറുകാരന്റെ അപേക്ഷയും, എക്സിക്യൂട്ടീവ്എഞ്ചിനീയറുടെ ശുപാർശയും കണക്കിലെടുത്ത് കരാർ ഉടമ്പടിയിലെ NIT condition പ്രകാരം 30,000/- രൂപ പിഴ ഈടാക്കി 01.01.2022 മുതൽ 31.03.2022 വരെ പ്രവ്യത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന്ഇതിനാൽ ഉത്തരവാകുന്നു. പൂർത്തികരണ കാലാവധിയിൽ ചെയ്യുന്ന പ്രവ്യത്തിക്ക് അസ്സൽ കരാർ ഉടമ്പടിയിലെ നിരക്കിൽ നിന്നും യാതൊരുവിധ വ്യതിയാനങ്ങൾ ഉണ്ടാവുന്നതല്ലെന്നും കരാറുകാരന്ഉണ്ടാകാവുന്ന ഏതൊരു കഷ്ടനഷ്ടങ്ങൾക്കും കേരള ജല അതോറിറ്റിയ്ക്ക്ബാധ്യതയുണ്ടാവുകയില്ലെന്നും വ്യക്തമാക്കുന്നു. മേൽ ഉത്തരവ്അനുസരിച്ച് കരാറുകാരൻ അനുബന്ധ കരാറിൽ ഏർപ്പെടേണ്ടതാണ്.

(ഒപ്പ്)

സൂപ്രണ്ടിങ്ങ് എഞ്ചിനീയർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലുവ.

ഉത്തരവിന്റെ പകർപ്പ്

1. ശ്രീ. വിശ്വനാഥൻ, മേച്ചേരിൽവീട്, എടയാർ, ബിനാനിപുരം പി.ഓ, ആലുവ - അനുബന്ധകരാറിൽ ഏർപ്പെടുന്നതിന്.
2. അസി.എക്സി.എഞ്ചിനിയർ, കേരള ജല അതോറിറ്റി, ജെ.ജെ.എം സബ് ഡിവിഷൻ, ആലുവ.
3. അസി.എഞ്ചിനിയർ, കേരള ജല അതോറിറ്റി, ജെ.ജെ.എം സബ് ഡിവിഷൻ, ആലുവ.

Draft #13 of File PHC/CHN/JJM/13573/2020 Vol -II Approved by Superintending Engineer on 17-Feb-2022 10:00 PM - Page 2

The document is digitally approved. Hence signature is not needed.